22.07.2022

## നവകേരളം കർമ്മപദ്ധതി 2
## റിസോഴ്സ് പേഴ്സൺ സേവനത്തിന് അവസരം

സർക്കാരിന്റെ വികസന മിഷനുകളായ ഹരിതകേരളം മിഷൻ, ലൈഫ് മിഷൻ, ആർദ്രം മിഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നിവയും റീബിൽഡ് കേരള ഇനിഷ്യേറ്റീവും ചേർത്തു രൂപീകരിച്ച നവകേരളം കർമ്മപദ്ധതി 2 ലേക്ക് റിസോഴ്സ് പേഴ്സൺമാരായി സേവനം നൽകാൻ അവസരം. നവകേരളം കർമ്മപദ്ധതിയുടെ താഴെത്തട്ടിലുള്ള പ്രവർത്തനങ്ങളിൽ ജില്ലാകോർഡിനേറ്റർമാർക്ക് സഹായകരമായ രീതിയിൽ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഒരു ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ചുരുങ്ങിയത് ഒരാൾ എന്ന നിലയിലും രണ്ട് നഗരസഭകൾക്ക് ഒരാൾ എന്ന നിലയിലും കോർപ്പറേഷനുകളിൽ 50 വാർഡുകൾക്ക് ഒരാൾ എന്ന നിലയിലുമാണ് റിസോഴ്സ് പേഴ്സൺമാരെ നിയോഗിക്കുന്നത്. 65 വയസാണ് പ്രായപരിധി. വിശദ വിവരങ്ങൾ ചുവടെ നൽകുന്നു.

**1. കൈകാര്യം ചെയ്യേണ്ട മേഖലകൾ**

1. വികേന്ദ്രീകൃതാസൂത്രണവും പ്രാദേശിക ഭരണവും
2. ശുചിത്വ-മാലിന്യ സംസ്കരണം
3. കൃഷി, പരിസ്ഥിതി പുനസ്ഥാപനം
4. ജലസംരക്ഷണം
5. പാർപ്പിടവും ജീവിത നിലവാരം മെച്ചപ്പെടുത്തലും
6. പൊതുജനാരോഗ്യം
7. പൊതുവിദ്യാഭ്യാസം
8. വിവിധ കാമ്പയിനുകളുടെ സംഘാടനം, ഏകോപനം

**2. വേണ്ട വൈദഗ്ധ്യം**

1. വിദ്യാഭ്യാസപരമായ അറിവ്
2. അനുഭവപരമായ അറിവ്
3. പ്രവൃത്തി പരിചയം

**3. യോഗ്യതകൾ**

പൊതുവായി വേണ്ട യോഗ്യത - നവകേരളം കർമപദ്ധതി-2 മായി ബന്ധപ്പെട്ട കാര്യങ്ങൾ വ്യക്തതയോടെ മനസ്സിലാക്കി സ്പഷ്ടതയോടെ വിശദീകരിക്കുന്നതിനുള്ള കഴിവ്. എസ്.എസ്.എൽ.സി. വിജയിച്ചവരും കൈകാര്യം ചെയ്യേണ്ട മേഖലകളിൽ 20 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം ഉള്ളവരും ആയിരിക്കണം അപേക്ഷകർ. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർ, വിരമിച്ച സർക്കാർ ഉദ്യോഗസ്ഥർ/ജീവനക്കാർ എന്നിവരെയും പരിഗണിക്കും. കൈകാര്യം ചെയ്യേണ്ട മേഖലകളിലും പ്രത്യേക സൂക്ഷമ മേഖലകളിലും വളരെ സവിശേഷമായ അറിവും പരിചയവുമുള്ള വ്യക്തികളെ ആവശ്യമെന്നു കാണുന്ന പക്ഷം അവരുടെ ഔപചാരിക വിദ്യാഭ്യാസ യോഗ്യതകൾ നോക്കാതെ പരിഗണിക്കുന്നതാണ്. ഈ മേഖലയിൽ എത്രവർഷം പരിചയമുണ്ടെന്ന കാര്യവും പരിഗണിക്കും.

**4. പ്രവർത്തനരീതി**

ജില്ലകളിൽ നടക്കുന്ന പ്രവർത്തനങ്ങളിലും പ്രാദേശികതലത്തിൽ നടക്കുന്ന പ്രവർത്തനങ്ങളിലും ആവശ്യമായ ആസൂത്രണം, പദ്ധതികൾ നടപ്പാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കൽ എന്നിവയാണ് പ്രധാന പ്രവർത്തനം. അതോടൊപ്പം ജില്ലാ കോർഡിനേറ്ററുടെ നിർദ്ദേശം പരിഗണിച്ച് വിവിധ വകുപ്പുകൾ, ഏജൻസികൾ, സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായുള്ള ഏകോപനവും നിർവ്വഹണ ചുമതലയിൽ ഉൾപ്പെടുന്നു. നവകേരളം കർമ്മപദ്ധതിയുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ, ഉത്തരവുകൾ എന്നിവ അടിസ്ഥാനമാക്കിയാണ് പ്രവർത്തനങ്ങൾ നടത്തേണ്ടത്. ഇതൊരു സ്ഥിരം ജോലിയല്ല. നവകേരളം കർമപദ്ധതി 2 സംസ്ഥാന കോർഡിനേറ്റർ, ജില്ലാ കോർഡിനേറ്റർ എന്നിവരുടെ നിർദ്ദേശാനുസരണം ആവശ്യാനുസരണമായിരിക്കും നിർവ്വഹണ ചുമതല നൽകുന്നത്.

**5. അപേക്ഷിക്കേണ്ട വിധം**

താൽപ്പര്യമുള്ളവർ വിശദമായ ബയോഡേറ്റ സഹിതം നവകേരളം കർമ്മപദ്ധതിയുടെ അതത് ജില്ലാ കോർഡിനേറ്റർമാർക്ക് 2022 ജൂലൈ 29 നകം അപേക്ഷ സമർപ്പിക്കണം. ഒരു അപേക്ഷകൻ ഒന്നിലധികം ജില്ലകളിൽ അപേക്ഷ സമർപ്പിക്കരുത്. ജില്ലാ കോർഡിനേറ്റർമാരുടെ വിലാസം ചുവടെ നൽകുന്നു.

| ജില്ല | ജില്ലാ കോർഡിനേറ്റർമാരുടെ മേൽവിലാസം |
|---|---|
| തിരുവനന്തപുരം | District Co-ordinator, Navakeralam Karmapadhathi 2<br>Civil Station, Kudappanakkunnu, Thiruvananthapuram |
| കൊല്ലം | District Co-ordinator, Navakeralam Karmapadhathi 2<br>Civil Station, Kollam |
| പത്തനംതിട്ട | District Co-ordinator, Navakeralam Karmapadhathi 2<br>District Planning Office, Civil Station, Pathanamthitta |
| ആലപ്പുഴ | District Co-ordinator, Navakeralam Karmapadhathi 2<br>Civil Station, Alappuzha, |
| കോട്ടയം | District Co-ordinator, Navakeralam Karmapadhathi 2<br>Civil Station, Kottayam |
| ഇടുക്കി | District Co-ordinator, Navakeralam Karmapadhathi 2<br>Civil Station, Painav, Idukki, |
| എറണാകുളം | District Co-ordinator, Navakeralam Karmapadhathi 2<br>Civil Station, Kakkanad, Ernakulam, |
| തൃശൂർ | District Co-ordinator, Navakeralam Karmapadhathi 2<br>Civil Station, Ayyanthole, Thrissur, |
| പാലക്കാട് | District Co-ordinator, Navakeralam Karmapadhathi 2<br>Civil Station, Kunnathurmedu, Palakkad, |
| മലപ്പുറം | District Co-ordinator, Navakeralam Karmapadhathi 2<br>Civil Station, UP Hill, Malappuram, |
| കോഴിക്കോട് | District Co-ordinator, Navakeralam Karmapadhathi 2<br>Civil Station, Kozhikkode, |
| വയനാട് | District Co-ordinator, Navakeralam Karmapadhathi 2<br>Civil Station, Kalpetta, Wayanad, |
| കണ്ണൂർ | District Co-ordinator, Navakeralam Karmapadhathi 2<br>Civil Station, Kannur, |
| കാസർഗോഡ് | District Co-ordinator, Navakeralam Karmapadhathi 2<br>Civil Station, Kasargod, |